**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1539 — 11-08-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| ശ്രീമതി.പി. അയിഷാ പോറ്റി | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്കുള്ള വേതന കുടിശ്ശിക ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം രണ്ടാം ഗഡുവിനായി ഓഡിറ്റ് റിപ്പോർട്ട് സഹിതം 2016 ഒക്ടോബർ മാസം 18-ാം തീയതി കേന്ദ്ര ഫണ്ടിന് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ കേന്ദ്ര സർക്കാർ പരിഗണിക്കുകയും രണ്ട് തവണകളായി 31,198.41 ലക്ഷം രൂപ അനുവദിച്ചു. (01-12-2016-ന് 14,995.90 ലക്ഷം രൂപയും 03-01-2017-ന് 16,202.25 ലക്ഷം രൂപയും) തുടർന്ന് അർഹതപ്പെട്ട കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് 2017 ജനുവരി മാസം 19-ാം തീയതി സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പ്രകാരം 96,409.73 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ അവിദഗ്ധ കായിക കൂലിയിനത്തിൽ കേന്ദ്ര സർക്കാരിനോട് തലസ്ഥാനം ആവശ്യപ്പെട്ടത് 73,171.27 ലക്ഷം രൂപയാണ്. ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത് ബോദ്ധ്യപ്പെട്ട് 2017 ഫെബ്രുവരി മാസം 23-ാം തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക അടിയന്തിരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഫണ്ട് അനുവദിക്കാത്തതിനാൽ വീണ്ടും 2017 മാർച്ച് മാസം 27-ാം തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹു. കേന്ദ്ര വികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് കേന്ദ്ര ഫണ്ട് ഏറ്റവും അത്യാവശ്യമായിരുന്നിട്ടും 31-03-2017 വരെ കേന്ദ്ര സർക്കാരിൽ നിന്നും അപേക്ഷിച്ച ഫണ്ട് അനുവദിച്ചിരുന്നില്ല.<br>27-03-2017-ൽ കേന്ദ്ര സർക്കാർ J11012/1/17-MGNREGA-V നമ്പർ കത്ത് പ്രകാരം 2017-18-ലെ ആദ്യ ഗഡുവിന്റെ അപേക്ഷ എല്ലാ രേഖകളും അടക്കം സമർപ്പിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01-04-2017-ലെ 1/എം.ജി. എൻ.ആർ.ഇ.ജി.എ (കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 97,764.15 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട മൊത്തം തുകയായ 97,764.15 ലക്ഷം രൂപയിൽ അവിദഗ്ധ കായിക കൂലിയിനത്തിൽ 2016-17-ലെ കുടിശ്ശിക തീർക്കുന്നതിന് 75,943 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും 2017-18-ലെ ആദ്യ മൂന്ന് മാസക്കാലത്തേയ്ക്കുള്ള കൂലി തുകയായ 9624.69 ലക്ഷം രൂപയും അടക്കം മൊത്തം 88,084.19 ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. സംസ്ഥാനം 01.04.2017-ൽ സമർപ്പിച്ച 1/എം.ജി.എൻ.ആർ.ഇ.ജി.എ (കേരള)/ഫിൻ/17-18/ സെൻട്രൽ ഷെയർ കത്ത് കേന്ദ്ര സർക്കാർ പരിശോധിക്കുകയും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 05-04-2017, 06-04-2017 തീയതികളിലായി സമർപ്പിക്കുകയും ചെയ്തു.<br>എന്നാൽ 10-04-2017-ലെ എഫ്.നം.ജെ-12020/02/2017-എം.ജി.എൻ.ആർ.ഇ.ജി.എ-VIII, Sl.No.10 (NeFMS) ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12,283.79 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്.<br>മേൽ വിഷയങ്ങൾ പരാമർശിച്ച് 2017 ഏപ്രിൽ മാസം 12-ാം തീയതി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാലികളുടെ വേതന കുടിശ്ശിക തുക താമസംവിനാ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേന്ദ്ര ഗ്രാമ വികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഇതോടൊപ്പം 21-04-2017-ലെ അർദ്ധ ഔദ്യോഗിക നമ്പർ 1/എം.ജി.എൻ. ആർ.ഇ.ജി.എ/സി.എസ്/2017-18 കത്തു മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് അടിയന്തിരമായി 2016-17-ലെ കൂലി കുടിശ്ശിക തുകയും 2017-18-ലെ പദ്ധതി തുകയും അടിയന്തിരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. 07-07-2017-ന് 2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശികയും കേന്ദ്ര സർക്കാർ അനുവദിച്ചു. |
| (ബി) | എത്ര തുകയാണ് കുടിശ്ശിക ഇനത്തിൽ ലഭ്യമാക്കിയത്; | (ബി) | 2016-17 സാമ്പത്തിക വർഷത്തെ വേതന കുടിശ്ശികയായ 75,943 ലക്ഷം രൂപ 10-04-2017-ലും 07-07-2017-ലുമായി കേന്ദ്ര സർക്കാർ അനുവദിച്ചു. |
| (സി) | വേതന കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിരുന്നോ; വിശദാംശങ്ങൾ നൽകുമോ? | | 01-01-2016 മുതൽ അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കൂലി തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിൽനിന്നും ക്രഡിറ്റ് ചെയ്യുന്ന പുത്തൻ രീതി നടപ്പാക്കി തുടങ്ങി. ഈ സമ്പ്രദായത്തെ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (എൻ.ഇ.എഫ്.എം.എസ്) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം എൻ.ഇ.എഫ്.എം. എസിലൂടെ 1,38,670 ലക്ഷം രൂപ കേന്ദ്ര സർക്കാർ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ക്രഡിറ്റ് ചെയ്തു. പ്രസ്തുത തുക ചുവടെപ്പറയുംവിധം ആറ് തവണകളായിട്ടാണ് നാഷണൽ ഇ-എഫ്.എം.എസ് അക്കൗണ്ടിലേക്ക് ഗ്രാമ വികസന മന്ത്രാലയം ഫണ്ട് ലഭ്യമാക്കിയത്. |

| ക്രമ നമ്പർ | തീയതി | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 07-04-2016 | 38984.09 |
| 2 | 21-04-2016 | 16777.4628 |

| | | |
|---|---|---|
| 3 | 24-06-2016 | 37471.8678 |
| 4 | 15-09-2016 | 14239.0741 |
| 5 | 01-12-2016 | 14995.9026 |
| 6 | 03-01-2017 | 16202.5115 |
| **ആകെ** | | **138670.90** |

2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശിക യായ 75943 ലക്ഷം രൂപ 10-04-2017, 07-07-2017 എന്നീ തീയതി കളിലായി കേന്ദ്ര സർക്കാർ അനുവദിച്ചു.

സെക്ഷൻ ഓഫീസർ